(എച്ച്) സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഭാഗമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഐ) ഇതിന്റെ ഫലമായി ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുവാനും കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഈ സാമ്പത്തിക വർഷം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) വ്യവസ്ഥകൾ അനുബന്ധമായി കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ കാണാവുന്നതാണ്. ഇതിൽ മിക്കവാറും എല്ലാ വ്യവസ്ഥകളും നടപ്പാക്കിയിട്ടുണ്ട്.

(എഫ്) വ്യവസ്ഥകൾ അനുബന്ധമായി † കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ കാണാവുന്നതാണ്. മിക്കവാറും എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുണ്ട്.

(ജി) ഭരണ നവീകരണ പരിപാടികളും സാമ്പത്തിക പരിഷ്ക്കാരങ്ങളും നടപ്പിലാക്കിവരുന്നു. ഇത് സംബന്ധിച്ച് വിവിധ വകുപ്പുകളിൽനിന്ന് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും എം.ജി.പി. വെബ് സൈറ്റിൽ ലഭ്യമാണ്.

(എച്ച്) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും റവന്യൂകമ്മിയും ധനകമ്മിയും കുറയ്ക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും സാമ്പത്തിക ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനും ആവശ്യമായ ബജറ്റ് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിവരുന്നു.

(ഐ) ഉണ്ട്.

സംസ്ഥാനത്തിന്റെ 2003-2004 വർഷത്തെ സാമ്പത്തികസ്ഥിതി

9 [321] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഓരോ വകുപ്പിനും നീക്കിവയ്ക്കപ്പെട്ട തുക എത്ര; ഇതിനകം എത്ര തുക ചെലവഴിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) 2003-2004-ലെ വിഭവസമാഹരണലക്ഷ്യം ഓരോ വകുപ്പിലും എത്രയായിരുന്നു; എത്ര സമാഹരിക്കുകയുണ്ടായി;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2003-2004-ൽ പദ്ധതി വിഹിതമായി കേന്ദ്രത്തിൽനിന്നും പ്രതീക്ഷിച്ച തുക എത്ര; എന്തു ലഭിക്കുകയുണ്ടായി;

(ഡി) 2000-2001 സാമ്പത്തിക വർഷാവസാനം സംസ്ഥാനത്തിന്റെ പൊതുക്കടം എത്രയായിരുന്നു;

(ഇ) അതിനുശേഷമുള്ള ഓരോ വർഷവും സംസ്ഥാനത്തിന്റെ പൊതുക്കടം എത്ര കോടിവീതമായി വർദ്ധിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വകുപ്പടിസ്ഥാനത്തിലുള്ള തരംതിരിവിലല്ല ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നത്. പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്കിനങ്ങളിലാണ് തുക കൊള്ളിക്കുന്നത്. 2003-2004 സാമ്പത്തിക വർഷം വിവിധവകുപ്പുകൾക്കായി ബഡ്ജറ്റിൽ ആകെ 16,081.57 കോടി രൂപ വകയിരുത്തിയിരുന്നു. 2003-2004-ലെ താൽക്കാലിക കണക്കനുസരിച്ച് ആകെ ചെലവ് 16,162.44 കോടി രൂപയുടേതാണ്.

(ബി)

വകുപ്പ്	*(തുക കോടിയിൽ)* *ലക്ഷ്യം (2003-04 ആർ.ഇ.)*	*2003-04-ലെ താൽക്കാലിക കണക്ക്*
വിൽപന നികുതി	6,200.00	5,991.40
മോട്ടോർ വെഹിക്കിൾസ്	585.00	585.78
സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ	684.49	548.14
വനം	220.00	187.18
എക്സൈസ്	687.00	655.91
ഇലക്ട്രിസിറ്റി ഡ്യൂട്ടി	303.79	189.97
മറ്റിനങ്ങൾ	3,870.97	3,574.72
മൊത്തം	12,551.25	11,733.10

(സി) 1,882.00 കോടി രൂപ പദ്ധതി വിഹിതമായി പ്രതീക്ഷിച്ചുവെങ്കിലും 2004 മാർച്ച് 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 902.57 കോടി രൂപയാണ് യഥാർത്ഥത്തിൽ ലഭിച്ചത്.

(ഡി) 23,919.00 കോടി രൂപ.

(ഇ)

വർഷം	*(തുക കോടിയിൽ)* *പൊതുകടം*	*വർദ്ധനവ്*
31-3-2001	23,919.00	. .
31-3-2002	26,950.57	3,031.57
31-3-2003	31,060.27	4,109.70
31-3-2004*	36,234.05	5,173.78

* താൽക്കാലിക കണക്ക്

LIBRARY ARCHIVES Kerala Legislative Assembly